File No.DB4/207/2019-LSGD

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വൈക്കം നഗരസഭ - ശ്രീമതി. ഓമന വാര്യത്തൊടിയുടെ വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1904/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/09/2019

---

പരാമർശം:- 1 ബഹു. കേരള സംസ്ഥാന മനനുഷ്യാവകാശ കമ്മീഷന്റെ 10/06/2019ലെ HRMP No. 1994/18/KTM നമ്പർ ഉത്തരവ്.

2 നഗരകാര്യ ഡയറക്ടറുടെ 09/08/2019ലെ ഡി.സി4-15665/2019 നമ്പർ കത്ത്.

**ഉത്തരവ്**

2015-16 സാമ്പത്തിക വർഷത്തിൽ വൈക്കം നഗരസഭയിൽ നിന്നും പട്ടികജാതി വിഭാഗത്തിനുള്ള ഭവന നിർമ്മാണത്തിനായി ശ്രീമതി. ഓമന, വാര്യത്തൊടി എന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായി 45000/- രൂപ അനുവദിച്ചിരുന്നു. ടി തുക കൈപ്പറ്റി വീടിന്റെ തറയുടെ നിർമ്മാണം നടത്തി തുടർ ഗഡുക്കൾ വാങ്ങുന്നതിനായി നഗരസഭയെ സമീപിച്ചപ്പോൾ 210000/- രൂപ ആരോ പരാതിക്കാരിയുടെ വ്യാജ ഒപ്പിട്ട് കൈപ്പറ്റിയതായി അറിഞ്ഞെന്നും, മൊത്തം 3 ലക്ഷം രൂപ വീടിനായി നൽകിയതായി രേഖകളിൽ കാണുന്നതിനാൽ ഇനി ഒരു രൂപ പോലും ധനസഹായം ലഭിക്കില്ലെന്നറിഞ്ഞതിനാൽ ഈ തട്ടിപ്പ് നടത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി ശിക്ഷിക്കണമെന്നും ഒരു വീട് ലഭിക്കാനുള്ള നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി. ഓമന വാര്യത്തൊടി ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ പരാതി സമർപ്പിക്കുകയും, ടി പരാതിയുമായി ബന്ധപ്പെട്ട് കമ്മീഷൻ പരാർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

2) ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരിക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുന്ന കാര്യത്തിൽ സത്വരമായ നടപടി നഗരകാര്യ ഡയറക്ടർ എടുക്കേണ്ടതാണെന്നും ടിയാൾക്ക് ധനസഹായം അനുവദിച്ച് മൂന്ന് വർഷമായ സ്ഥിതിക്ക് ഇനിയും കാലതാമസം വരുത്താൻ പാടില്ലായെന്നും ആയതിനാൽ ഉത്തരവിന്റെ പകർപ്പ് ലഭിച്ച രണ്ട് മാസത്തിനകം പരാതിക്കാരിക്ക് വീട് വാസയോഗ്യമാക്കുന്നതിനുള്ള പണി പൂർത്തിയാക്കാൻ ആവശ്യമായ ധനസഹായം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ അവരുടെ പരാതിക്ക് പരിഹാരം കാണണമെന്നും ഇത് സംബന്ധിച്ച് വേണ്ട സഹായം

**File No. DB.4/207/2019 - LSGD**

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും ചെയ്തു കൊടുക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

3) സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന വൈക്കം നഗരസഭയ്ക്ക് പരാതിക്കാരിയുടെ വീട് നിർമ്മാണം പൂർത്തിയാക്കുവാനുള്ള ധനസഹായം നൽകുന്നതിന് സാധിക്കാത്ത അവസ്ഥയാണെന്നും ആയതിനാൽ ശ്രീമതി, ഓമന വാര്യത്തൊടിയുടെ വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇപ്പോഴത്തെ ലൈഫ് മിഷൻ നിരക്കിലുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ ഉത്തരവുണ്ടാകണമെന്നുള്ള വൈക്കം നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ ശുപാർശ ചെയ്ത് സൂചന (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൈക്കം നഗരസഭാ സെക്രട്ടറി ശുപാർശ ചെയ്തതു പ്രകാരം ശ്രീമതി ഓമന വാര്യത്തൊടിയുടെ വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇപ്പോഴത്തെ ലൈഫ് മിഷൻ നിരക്കിന്റെ ആനുപാതിക നിരക്കിലുള്ള തുക പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ അനുവദിക്കുന്നതിന് വൈക്കം നഗരസഭയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പാറ്റ് സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വൈക്കം നഗരസഭ

രജിസ്ട്രാർ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, ടർബോ പ്ലസ് ടവേഴ്സ്, പി.എം.ജി, വികാസ് ഭവൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ